**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5806** **25-03-2025 - ൽ മറുപടിയ്ക്ക്**

**പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ കേന്ദ്ര നിരക്കിൽ സർക്കാർ വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എൻ.പി.എസ്. ബാധകമായുള്ള എത്ര സർക്കാർ ജീവനക്കാർ നിലവിലുണ്ട്; അവരുടെ എണ്ണം വകുപ്പ് തിരിച്ച് നൽകാമോ; | (എ) | സ്പാർക്കിൽ നിന്നും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് എൻ.പി.എസ്. ബാധകമായുള്ള 2,23,797 സർക്കാർ ജീവനക്കാർ നിലവിലുണ്ട് (വകുപ്പ് തിരിച്ചുള്ള പട്ടിക ഉള്ളടക്കം ചെയ്യുന്നു) |
| (ബി) | എൻ.പി.എസ്. സ്കീമിൽ ഉൾപ്പെട്ട് വിരമിച്ച ജീവനക്കാർക്ക് ലഭിച്ചുവരുന്ന പെൻഷൻ തുക എത്രയാണെന്നും അവർക്ക് ലഭിച്ച മറ്റു സർവ്വീസ് ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ; | (ബി) | പങ്കാളിത്ത പെൻഷൻ പദ്ധതി പ്രകാരം ജീവനക്കാരന്റെ പ്രതിമാസ ശമ്പളത്തിന്റെ (അടിസ്ഥാന ശമ്പളം + ക്ഷാമ ബത്ത) 10% വും തത്തുല്യ സർക്കാർ വിഹിതവും പെൻഷൻ അക്കൗണ്ടിൽ അടവാക്കുകയും വിരമിക്കുന്ന സമയത്ത് ആകെ സമാഹരിക്കപ്പെടുന്ന തുകയുടെ 60% വരെ ഒറ്റ തവണയായി പിൻവലിക്കാവുന്നതും കുറഞ്ഞത് 40% തുക അന്വിറ്റിയായി നിക്ഷേപിക്കേണ്ടതുമാണ്. പ്രസ്തുത തുകയ്ക്ക് അനുസൃതമായ തുക മാത്രമേ പെൻഷനായി ലഭ്യമാകുകയുള്ളൂ. |
| (സി) | കേന്ദ്ര സർക്കാർ ജീവനക്കാർക്ക് നൽകിവരുന്ന അതേ ശതമാനം തുക തന്നെ എൻപിഎസ് സ്കീമിലേക്ക് സംസ്ഥാന ജീവനക്കാർക്കും സർക്കാർ വിഹിതമായി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ള പങ്കാളിത്ത പെൻഷൻ പദ്ധതിയുമായി ബന്ധപ്പെട്ട സാമ്പത്തിക നിയമ വശങ്ങൾ ഉൾപ്പെടെയുള്ള വിവിധ വിഷയങ്ങൾ വിശദമായി പരിശോധിച്ച്, പങ്കാളിത്ത പെൻഷൻ പുനഃപരിശോധനാ സമിതി സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ടി റിപ്പോർട്ട് പരിശോധിക്കുന്നതിനായി 02.11.2023 -ലെ സ.ഉ(അ)നം. 110/2023/ധന പ്രകാരം ബഹു. ധനകാര്യ വകുപ്പ് മന്ത്രി, ബഹു. നിയമ വകുപ്പ് മന്ത്രി, ചീഫ് സെക്രട്ടറി എന്നിവരടങ്ങിയ സമിതി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, 2024-25 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ ഒരു 'Assured' പെൻഷൻ സമ്പ്രദായം നടപ്പിലാക്കുന്നതിനു വേണ്ടി പുതുക്കിയ സ്കീം രൂപീകരിക്കുമെന്നും മറ്റു സംസ്ഥാനങ്ങളിലെ പുതിയ പദ്ധതികൾ കൂടി പഠിച്ച് സംസ്ഥാനത്ത് നടപ്പിലാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമെന്നും പ്രഖ്യാപിച്ചിട്ടുമുണ്ട്. |

| | | | |
|---|---|---|---|
| | | | മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നമ്പർ. SPK-A1/57/2025-Fin(3094804)

ധനകാര്യ (സ്പാർക്ക് പി.എം.യു) വകുപ്പ്

തിരുവനന്തപുരം

തിയതി: 20-03-2025

## അനൗദ്യോഗിക കുറിപ്പ്

വിഷയം:- പതിനഞ്ചാം കേരള നിയമസഭ – പതിമൂന്നാം സമ്മേളനം 25.03.2025 ൽ ബഹു: ധനകാര്യ വകുപ്പ് മന്ത്രി മറുപടി നൽകേണ്ട നക്ഷത്ര ചിന്നമിടാത്ത ചോദ്യം നം – 5806 പിരിവ് – എ സംബന്ധിച്ച്

സൂചന:- 1. 19.03.2025 തീയതിയിലെ 9394222/പെൻ എ5/2025/ധന നമ്പർ കുറിപ്പ്

സൂചനയിലേക്ക് ധനകാര്യ (പെൻഷൻ - എ) വകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കുന്നു. സ്പാർക്ക് ആപ്ലിക്കേഷനിൽ അതത് ഡിഡിഒമാർ ഉൾപ്പെടുത്തുന്ന വിവരങ്ങൾ മാത്രമാണ് ലഭ്യമായത്. ആയത് പ്രകാരം (20.03.2025 ലെ വിവരങ്ങൾ പ്രകാരം) സ്പാർക്കിൽ ലഭ്യമായ വിവരങ്ങൾ ഉള്ളടക്കത്തിൽ കണ്ടാലും.

സ്പാർക്ക് മുഖേനെ അല്ലാതെ ശമ്പളം മാറുന്ന, എൻ.പി.എസ് ബാധകമായ, സർക്കാർ ജീവനക്കാർ ( പൊതു മേഖല സ്ഥാപനങ്ങൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ തുടങ്ങിയവ) നിലവിലുണ്ട്. പ്രസ്തുത ജീവനക്കാരുടെ വിവരങ്ങൾ സ്പാർക്കിൽ ലഭ്യമല്ലന്ന് അറിയിച്ചു കൊള്ളുന്നു.

GIRISH PARAKKAT
CHIEF PROJECT MANAGER, SPARK

ധനകാര്യ (പെൻഷൻ - എ) വകുപ്പ്

ഉത്തരവിൻ പ്രകാരം

സീനിയർ ഗ്രേഡ് അസിസ്റ്റന്റ്.

| Department Name | Number of Employees under NPS |
|---|---|
| Electrical Inspectorate | 230 |
| Education (Higher Secondary) | 8913 |
| FOREST AND WILDLIFE | 4333 |
| Finance Department | 372 |
| Industrial Training | 2002 |
| Legal Metrology | 255 |
| Autonomous Bodies | 2 |
| Homoeopathy | 1551 |
| Coir Development | 105 |
| Muncipal Administration | 83 |
| Kerala State Audit Department | 344 |
| Scheduled Tribes Development | 883 |
| Vigilance Tribunal | 24 |
| Information & Public Relations | 140 |
| KIRTADS | 27 |
| Hindu Religious and Charitable Endowment | 6 |
| Education (General) | 60697 |
| National Employment Service | 537 |
| Legislature Secretariat | 516 |
| Tourism | 369 |
| Samoohika Sannadhasena | 2 |
| Secretariat | 7 |
| Ground Water | 243 |
| Scheduled Caste Development | 802 |
| Education (Law Colleges) | 111 |
| PWD-Bridges Wing | 312 |
| Women and Child Development Department | 2069 |
| General Administration Department | 1413 |
| Revenue- Land Board | 21 |
| Health Services | 25066 |
| PWD-Roads and Bridges | 1895 |
| Social Justice Department | 294 |
| Industrial Tribunals | 51 |
| Archaeology | 89 |
| Printing | 620 |
| Factories & Boilers | 111 |
| National Cadet Corps | 821 |
| Mining & Geology | 129 |

| | |
|---|---|
| Agriculture | 4661 |
| Education - Technical | 3780 |
| Fire Force | 2298 |
| Rural Development | 2345 |
| Treasuries | 1521 |
| Drugs Control Department | 235 |
| Education (Vocational Higher Secondary) | 1063 |
| PWD-NH | 193 |
| Indian Systems of Medicine | 2641 |
| Lotteries | 359 |
| Town Planning | 271 |
| Kerala House New Delhi | 60 |
| Sainik Welfare | 98 |
| Insurance Medical Services | 1416 |
| Enquiry Commissioner and Special Judge | 45 |
| Rajbhavan | 39 |
| Advocate General | 266 |
| Education (Sports School Division) | 9 |
| Handloom | 29 |
| Survey and Land Records | 972 |
| Housing | 10 |
| Panchayats | 822 |
| Commissioner for Entrance Examination | 12 |
| Revenue | 7981 |
| State Goods and Services Tax Department | 1526 |
| Police | 20900 |
| Secretariat-Law | 274 |
| Jails | 1396 |
| Chemical Examiners Laboratory | 120 |
| Public Service Commission | 676 |
| Environment Department | 16 |
| Sports & Youth Affairs | 86 |
| Stationery Department | 112 |
| Land Use Board | 22 |
| Museums and Zoos | 203 |
| Education (Collegiate) | 7165 |
| Backward Classes Development Department | 22 |
| Administration of Justice-Judiciary | 8031 |
| Medical Education | 9982 |

| | |
|---|---|
| Registration | 1227 |
| Archives | 62 |
| Ayurveda Medical Education | 618 |
| Civil Supplies - Consumer Affairs | 986 |
| PWD-Irrigation | 3722 |
| National Savings | 43 |
| Fisheries | 568 |
| University Appellate Tribunal | 6 |
| Vigilance | 318 |
| Public Library | 25 |
| Minority Welfare | 5 |
| Excise | 2245 |
| Womens Commission | 16 |
| Motor Vehicles Department | 1145 |
| LSGD Engineering Wing | 3109 |
| Labour | 468 |
| Labour Courts | 20 |
| Animal Husbandry | 3604 |
| Culture | 16 |
| Hydrographic Survey Wing | 39 |
| Harbour Engineering | 256 |
| Food Safety Department | 487 |
| State Water Transport | 542 |
| PWD-Buildings | 2232 |
| PWD-Road Maintenance Wing | 185 |
| State Insurance | 162 |
| Dairy Development | 516 |
| Soil Survey and Soil Conservation | 384 |
| Homoeopathic Medical Colleges | 176 |
| Co-Operation | 1871 |
| State Planning Board | 190 |
| Economics & Statistics | 741 |
| Industries & Commerce | 565 |
| Election | 19 |
| Port | 127 |
| Total | 223797 |

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധനാ സമിതി സമർപ്പിച്ച റിപ്പോർട്ട് പരിശോധിക്കുന്നതിനായി സമിതിയെ നിയമിച്ച് ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പെൻഷൻ -എ) വകുപ്പ്**

**സ.ഉ.(അ) നം.110/2023/ധന.** **തിരുവനന്തപുരം, തീയതി, 02/11/2023.**

---

പരാമർശം :- 1. സ.ഉ. (അ) നം. 20/2013/ധന. തീയതി, 07.01.2013.
2. സ.ഉ. (അ) നം. 172/2018/ധന. തീയതി, 07.11.2018.

**ഉത്തരവ്**

പരാമർശം (1) ഉത്തരവ് പ്രകാരം സംസ്ഥാനത്ത് നടപ്പാക്കിയിരിക്കുന്ന പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കുന്നതിനായി ശ്രീ. എസ്. സതീഷ് ചന്ദ്രബാബു (റിട്ട. ജില്ലാ ജഡ്ജി) ചെയർമാനായും ശ്രീ. പി. മാരപാണ്ഡ്യൻ ഐ.എ.എസ് (റിട്ട.), പ്രൊഫ. ഡി. നാരായണ, ഡയറക്ടർ, ജി.ഐ.എഫ്.റ്റി എന്നിവർ അംഗങ്ങളായും ഒരു സമിതി രൂപീകരിച്ചു കൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പങ്കാളിത്ത പെൻഷൻ പദ്ധതിയുമായി ബന്ധപ്പെട്ട സാമ്പത്തിക നിയമവശങ്ങൾ ഉൾപ്പെടെയുള്ള വിവിധ വിഷയങ്ങൾ വിശദമായി പരിശോധിച്ച് സമിതി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. സമിതിയുടെ റിപ്പോർട്ട് പരിശോധിച്ച് ശിപാർശകൾ സമർപ്പിക്കാൻ ധനകാര്യ വകുപ്പ് മന്ത്രി, നിയമ വകുപ്പ് മന്ത്രി, ചീഫ് സെക്രട്ടറി എന്നിവർ ഉൾപ്പെട്ട സമിതിയെ ചുമതലപ്പെടുത്തുവാനും അധിക കാലതാമസം കൂടാതെ ശിപാർശകൾ മന്ത്രിസഭ മുൻപാകെ സമർപ്പിക്കുവാനും 01.11.2023 തീയതിയിൽ കൂടിയ മന്ത്രിസഭാ യോഗം തീരുമാനിക്കുകയുണ്ടായി.

ഈ സാഹചര്യത്തിൽ പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധനാ സമിതി സർക്കാരിന് സമർപ്പിച്ചിട്ടുള്ള റിപ്പോർട്ട് പരിശോധിക്കുന്നതിനായി ധനകാര്യ വകുപ്പ് മന്ത്രി, നിയമ വകുപ്പ് മന്ത്രി, ചീഫ് സെക്രട്ടറി എന്നിവരെ അംഗങ്ങളായി ഉൾപ്പെടുത്തി സമിതിയെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**രബീന്ദ്ര കുമാർ അഗർവാൾ**
**പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :

1. അക്കൗണ്ടന്റ് ജനറൽ (എ ആൻറ് ഇ), കേരള, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്- II), കേരള, തിരുവനന്തപുരം.

3. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
4. ഡയറക്ടർ, ഇൻഫോർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ്, തിരുവനന്തപുരം.
5. ധനകാര്യ (എൻ.പി.എസ്. സെൽ) വകുപ്പ്.
6. മുഴുവൻ ജില്ലാ / സബ് ട്രഷറി ഓഫീസർമാർക്കും.
7. എല്ലാ വകുപ്പ് മേധാവികൾക്കും.
8. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
9. മാനേജിംഗ് ഡയറക്ടർ, കെ.എസ് ആർ.ടി.സി, തിരുവനന്തപുരം.
10. രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
11. രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം.
12. രജിസ്ട്രാർ, വിവിധ സർവ്വകലാശാലകൾ, (കേരള/കൊച്ചി/കോഴിക്കോട്/എം.ജി/കണ്ണൂർ).
13. രജിസ്ട്രാർ,കേരള ലോകായുക്ത, തിരുവനന്തപുരം.
14. രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, വെള്ളാനിക്കര.
15. രജിസ്ട്രാർ, കേരള വെറ്ററിനറി & അനിമൽ സയൻസ് യൂണിവേഴ്സിറ്റി, വയനാട്.
16. രജിസ്ട്രാർ, ശ്രീ ശങ്കര സംസ്കൃത സർവ്വകലാശാല, കാലടി.
17. രജിസ്ട്രാർ, കേരള സംസ്ഥാന ആരോഗ്യ സർവ്വകലാശാല, തൃശ്ശൂർ.
18. രജിസ്ട്രാർ, ഫിഷറീസ് സർവ്വകലാശാല, എറണാകുളം.
19. സെക്രട്ടറി, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഓംബുഡ്സ്മാൻ, തിരുവനന്തപുരം.
20. അഡ്വക്കേറ്റ് ജനറൽ, എറണാകുളം.
21. സെക്രട്ടറി, കെ.എസ്.ഇ.ബി - ലിമിറ്റഡ്, തിരുവനന്തപുരം.
22. ചീഫ് സെക്രട്ടറി, കേരള സർക്കാർ.
23. ഗവർണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം.
24. സ്പീക്കറുടെ/ ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി, കേരള നിയമസഭ.
25. സെക്രട്ടറി, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം.
26. സെക്രട്ടറി, കേരള സംസ്ഥാന വനിതാ കമ്മീഷൻ, തിരുവനന്തപുരം.
27. മുഖ്യമന്ത്രിയുടെ/മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
28. പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി.
29. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.
30. മുഖ്യ വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം.
31. നോഡൽ ഓഫീസർ, www.finance.kerala.gov.in
32. പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം.നം.1856 തീയതി, 01/11/2023).
33. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (ഇ-2599591).

ഉത്തരവിൻ പ്രകാരം

Jaya

അക്കൗണ്ട്സ് ഓഫീസർ